## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1886.

12..02..2013-ൽ മറുപടിയ്ക്ക്

## ഔദ്യോഗിക വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(സി) ഇല്ലെങ്കിൽ പി.എസ്.സി. യിലെ വിവരങ്ങൾ ഉൾപ്പെടെ യുള്ള ഔദ്യോഗിക വെബ് സൈറ്റിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ.? | (എ).(ബി).(സി)<br>കേരള സർക്കാരിന്റെയും സർക്കാരിന്റെ ഓരോ വകുപ്പുകളുടെയും വെബ്സൈറ്റുകൾ അതാത് വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നതിനായി സർക്കാരിലെ ഓരോ വകുപ്പിൽ നിന്നും, ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയും, അദ്ദേഹത്തിനെ സഹായിക്കുന്നതിനായി രണ്ട് വീതം ടൈപ്പിസ്റ്റുമാരെയും നിയോഗിക്കുകയും, ടി ഉദ്യോഗസ്ഥർക്ക് ഇതിനായുള്ള പരിശീലനം നൽകുകയും, അവർക്ക് അതാത് വകുപ്പുകളുടെ പേജുകൾ കാലികമാക്കുന്ന തിനായി യൂസർ നെയിമും, പാസ്സ്‌വേഡും നൽകുകയും ചെയ്തിട്ടുണ്ട്. പരിശീലന പരിപാടിയിൽ ഇതുവരെ സർക്കാരിലെ 28 വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്. ശേഷിക്കുന്ന |

വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൂടി പരിശീലനം നൽകി വെബ്സൈറ്റുകൾ കാലികമാക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. ഫീൽഡ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് മേൽ പരിശീലനം നൽകുന്നതിന് ഉദ്യോഗസ്ഥരെ നാമനിർദ്ദേശം ചെയ്യുന്നതിലേയ്ക്ക് എല്ലാ വകുപ്പ് തലവന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആണ്.

**സെക്ഷൻ ഓഫീസർ**